"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - കരവാളൂർ ഗ്രാമപഞ്ചായത്ത് - സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 3.10 പ്രകാരം തടസപ്പെടുത്തിയ 80,000/- (എൺപതിനായിരം രൂപ) യുടെ ചെലവ് - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.807/2025/LSGD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 27/07/2020-ലെ PAN/9187/2020-M3(DP) നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17/03/2021-ലെ DKS/1396/2020/PR1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമപഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 22/08-09 പ്രകാരം ഖരമാലിന്യ നിർമ്മാർജ്ജനവും ബോധവൽക്കരണവും എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. എന്നാൽ സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി ടി പദ്ധതിയിൽ നിന്നും ഖരമാലിന്യ നിർമ്മാർജ്ജനം ഒഴിവാക്കി, ഉത്പാദനപരമല്ലാത്ത ബോധവത്കരണം മാത്രം നടപ്പിലാക്കിയതിനാൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 80,000/- രൂപ കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2) മേൽ ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിലേയ്ക്കായി കരവാളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അഭ്യർത്ഥന സർക്കാരിന് പരാമർശം (1) പ്രകാരം ലഭ്യമാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ കേരളത്തിൽ ആദ്യമായി കരവാളൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച ഹെൽത്ത് ആക്ഷൻ ടീമിനെ ഉപയോഗിച്ച് മൂന്ന് തവണ പഞ്ചായത്തിലെ എല്ലാ വീടുകളിലും ഉറവിട ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഒരു വീടിന് രണ്ട് രൂപ നിരക്കിൽ പഞ്ചായത്ത് സമിതി നിശ്ചയിച്ച തുക മസ്റ്റർ റോൾ ഉപയോഗിച്ച് വ്യക്തമായ മോണിറ്ററിംഗ് നടത്തിയുമാണ് ഹെൽത്ത് ആക്ഷൻ ടീം അംഗങ്ങൾക്ക് വേതനം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ നിർമ്മാർജ്ജന ബോധവൽക്കരണം സംബന്ധിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുകയും സ്കൂളുകളിൽ ചുമരെഴുത്തുകൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും ഇത്തരം മാതൃകാപരമായ പ്രവർത്തനങ്ങളുടെ ഫലമായാണ് കരവാളൂർ പി.എച്ച്.സി-യ്ക്ക് ശുചിത്വമിഷന്റേയും മലിനീകരണ നിയന്ത്രണ ബോർഡിന്റേയും അവാർഡുകൾ ലഭിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിൽ മനപ്പൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലായെന്നും പഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും പകർച്ചവ്യാധികൾ പകരുന്നത് തടയുന്നതിനും ടി പദ്ധതി ഏറെ സഹായിച്ചിട്ടുണ്ടെന്നും പ്രസ്തുത

തുക ചെലവഴിച്ചതുമൂലം പഞ്ചായത്തിനോ സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

3) ടി പദ്ധതി ചെലവിന് സാധൂകരണം നൽകണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം 10/02/2022-ലെ 30-ാം നമ്പർ യോഗതീരുമാനമായി ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും അനുകൂല ശിപാർശ നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

4) കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ 31/12/2019-ലെ 9(2) നമ്പർ കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും പഞ്ചായത്ത് ഡയറക്ടറുടെയും അനുകൂല ശിപാർശകൾ എന്നിവ പരിഗണിച്ച് കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം തടസപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകുന്നതിന് എതിർ അഭിപ്രായമില്ലായെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) മേൽ വസ്തുതകൾ, കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ 31/12/2019-ലെ 9(2) നമ്പർ കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും പഞ്ചായത്ത് ഡയറക്ടറുടെയും സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടേയും അനുകൂല ശിപാർശകൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ച ഹെൽത്ത് ആക്ഷൻ ടീമിനെ ഉപയോഗിച്ച് മൂന്ന് തവണ പഞ്ചായത്തിലെ എല്ലാ വീടുകളിലും ഉറവിട ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിനാലും പഞ്ചായത്തിന്റെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും പകർച്ചവ്യാധികൾ പകരുന്നത് തടയുന്നതിനും പദ്ധതി ഏറെ സഹായകരമായിട്ടുണ്ടെന്നുള്ള വസ്തുത പരിഗണിച്ചും കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം തടസപ്പെടുത്തിയ 80,000/- (എൺപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കൊല്ലം
സെക്രട്ടറി, കരവാളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
മെഡിക്കൽ ഓഫീസർ, കരവാളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (LSGD-AB1/49/2020-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 26-03-2025 12:07:51

സെക്ഷൻ ഓഫീസർ